# Mathrubhumi

# 23 August 2018

# Kochi, After Flood, Medical Camp



യു.സി. കോളേജിലെ ദുരിതാശ്വാസ ക്യാമ്പിൽ പ്രവർത്തിക്കുന്ന മാതൃഭൂമി മെഡിക്കൽ ക്യാമ്പിൽ നിന്നൊരു കാഴ്ച

## ജീവാമൃതമായി മാതൃഭൂമി മെഡിക്കൽ ക്യാമ്പ്

വീണ്ടെടുക്കും നാടിനെ

കൊച്ചി ▸ കൈവിട്ടുപോയെന്നു
കരുതിയ ജീവനുകൾ തിരികെ
പ്പിടിക്കാൻ കഴിഞ്ഞ നിമിഷങ്ങ
ളുടെ ചാരിതാർത്ഥ്യവുമായി മാ
തൃഭൂമി മെഡിക്കൽ ക്യാമ്പ്.

ആലുവ യു.സി. കോളേജിലെ
ദുരിതാശ്വാസ ക്യാമ്പിൽ പ്രവർ
ത്തിക്കുന്ന മാതൃഭൂമി മെഡിക്കൽ
ക്യാമ്പ് നൂറുകണക്കിന് ആളു
കൾക്കാണ് ആശ്വാസമേകുന്ന
ത്. മാതൃഭൂമിയും ചുണങ്ങുംവേ
ലി രാജഗിരി ആശുപത്രിയും
ചേർന്നാണ് ക്യാമ്പ് നടത്തുന്ന
ത്. ജനറൽ, ശിശുരോഗം, സർജ
റി എന്നീ വിഭാഗങ്ങളിൽ പ്രത്യേ
കമായി നടത്തുന്ന ക്യാമ്പ് രോഗി
കളുടെ ബാഹുല്യം കൊണ്ട് ഒരു
മിനി ആശുപത്രി തന്നെയായി
മാറിയിരിക്കുകയാണ്.

കഴിഞ്ഞ ദിവസം ജീവൻ നഷ്ടമായെ
ന്നു കരുതിയ രണ്ടുപേരെ അത്ഭുത
കരമായി രക്ഷിക്കാൻ കഴിഞ്ഞ ചാരി
താർത്ഥ്യത്തിലാണ് ക്യാമ്പിന്റെ നേ
തൃത്വം വഹിക്കുന്ന ഡോ. സണ്ണി പി.
ഓരത്തേൽ.

"ക്യാമ്പിലേക്ക് ഗുരുതരാവസ്ഥയിൽ
കൊണ്ടുവന്ന നൗഷാദ്, മുസ്തഫ എന്നി
വരുടെ ജീവൻ തക്ക സമയത്തെ ചികി
ത്സ കൊണ്ട് രക്ഷിക്കാനായി. നൗഷാ
ദിനെ ഇവിടെ കൊണ്ടുവരുമ്പോൾ
ബി.പി. വളരെ താഴ്ന്ന പൾസ് നേർത്ത
നിലയിലായിരുന്നു. ദേഹം മുഴുവൻ
ചൊറിഞ്ഞു തടിച്ച അയാളുടെ അവ
സ്ഥ ഗുരുതരമായിരുന്നു. വീട് വൃത്തി
യാക്കുന്നതിനിടെ ഏതോ വിഷജന്തു
കടിച്ചാകാം എന്ന നിഗമനത്തിൽ ചികി
ത്സ നടത്തുകയായിരുന്നു. കൊണ്ടുവ
രാൻ അഞ്ചു മിനിറ്റ് കൂടി വൈകിയി
രുന്നെങ്കിൽ ഒരുപക്ഷേ ആ ജീവൻ
രക്ഷിക്കാൻ കഴിയുമായിരുന്നോ
യെന്ന് സംശയമാണ്..." ഡോ.
സണ്ണി പറഞ്ഞു.

പോലീസ് ജീപ്പിൽ എത്തിച്ച
മുസ്തഫയുടെ നിലയും അതീവ
ഗുരുതരമായിരുന്നു. ഹൃദയനില
തകരാറിലായ അയാളെ കൃത്യ
മായ ചികിത്സ നൽകി ജീവൻ
നിലനിർത്തിയ ശേഷം ജനറൽ
ആശുപത്രിയിലേക്ക് മാറ്റി.

ഇവർക്കു പുറമേ ഏറെ രോ
ഗികൾക്കും ക്യാമ്പ് ഗുണകരമാ
യെന്നാണ് അനുഭവങ്ങൾ പറ
യുന്നത്.

ബുധനാഴ്ച വൈകുന്നേരം
പാമ്പുകടിയേറ്റ രോഹിത് എന്ന
21-കാരനെയും ക്യാമ്പിൽ കൊ
ണ്ടുവന്നിരുന്നു. പ്രാഥമിക ശു
ശ്രൂഷകൾ നൽകിയ ശേഷം
രോഹിതിനെ രാജഗിരി ആശുപത്രി
യിലേക്ക് മാറ്റി.

ജില്ലയിലെ ഏറ്റവും വലിയ ദുരി
താശ്വാസ ക്യാമ്പായ യു.സി. കോളേ
ജിലെ ക്യാമ്പിൽ ജനങ്ങൾക്ക് ഏറെ
സഹായകരമായ നിലയിലാണ് മാതൃ
ഭൂമി മെഡിക്കൽ ക്യാമ്പിന്റെ പ്രവർ
ത്തനം. 24 മണിക്കൂറും പ്രവർത്തിക്കു
ന്ന ക്യാമ്പിൽ നൂറുകണക്കിന് ആളുക
ളാണ് ദിവസേന ചികിത്സ തേടുന്നത്.